**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **13-10-2021 - ൽ മറുപടിയ്ക്ക്**

**പുഴകളിലെയും ഡാമുകളിലെയും മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയം മൂലവും സ്വാഭാവിക കാരണങ്ങളാലും സംസ്ഥാനത്തെ അണക്കെട്ടുകളിലും പുഴകളിലും വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും എക്കലും വേർത്തിരിച്ചെടുക്കുന്നതിന് നിലവിലെ സാങ്കേതികവിദ്യകൾ പര്യാപ്തമാണോ; വിശദമാക്കാമോ; | (ബി) | നിലവിലെ സാങ്കേതിക വിദ്യ അനുസരിച്ച് ചെളിയും, മണലും, എക്കലും റിസർവ്വോയറിൽ നിന്നും പമ്പ് ചെയ്ത് ഡമ്പിങ്ങ് യാർഡിൽ ശേഖരിച്ച് അവിടെ നിന്നും സെഗ്രിഗേഷൻ യൂണിറ്റിൽ കൊണ്ടുപോയി മണലും ചരലും ചെളിയും വേർതിരിച്ച് എടുക്കുന്ന സെഗ്രിഗേഷൻ പ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ ഇത് പ്രായോഗികമല്ല. ആയതിനാൽ പമ്പ് ചെയ്യുന്ന സെഡിമെൻറ്സ് നേരിട്ട് വേർതിരിച്ചെടുക്കുന്ന സാങ്കേതികവിദ്യ പരിഗണിക്കാവുന്നതാണ്. |
| (സി) | പുഴകളിലേയും ഡാമുകളിലേയും മണൽ ശേഖരിച്ച് വിൽപ്പന നടത്തി സർക്കാരിന്റെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വിവര ശേഖരണം നടത്തിയിട്ടുണ്ടോ; | (സി) | മണൽവാരി വിൽക്കുന്നത് വഴിയുള്ള വരുമാനം നികുതിയേതര വരുമാനമായി കണക്കാക്കാവുന്നതാണ്. ഡാമുകളിൽ നിന്നും നടത്തുന്ന ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ എക്കലിന്റെയും ചെളിയുടെയും തരംതിരിച്ചുള്ള അളവ് കണ്ട് പിടിച്ച് വിശദമായ പദ്ധതി രേഖ (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് - DPR ) തയ്യാറാക്കിയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നത്. കൂടാതെ, നദികളിലെ നിർമ്മിതികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണിന്റെയും എക്കലിന്റെയും ചെളിയുടെയും മണലിന്റെയും ആകെയുള്ള അളവ് കണ്ട് പിടിച്ചതിനുശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | പുഴകളിലും അഴിമുഖങ്ങളിലും അടിഞ്ഞുകൂടുന്ന മണലും എക്കലും മൂലം ജല നിർഗമനം തടസ്സപ്പെടുന്നത് ഒഴിവാക്കി പുഴകളുടെ സ്വഭാവിക നീരരൊഴുക്ക് പുന:സ്ഥാപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ഡി) | പുഴകളിലും അഴിമുഖങ്ങളിലും അടിഞ്ഞ് കൂടുന്ന മണലും ചെളിയും എക്കലും നീക്കം ചെയ്ത് പുഴകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിന് SDRF/FC എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. കൂടാതെ, ഇത്തരം പ്രവൃത്തികൾ ജില്ലാ കളക്ടറുടെ/ ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും നടപ്പിലാക്കി വരുന്നു. അഴിമുഖങ്ങളിൽ എല്ലാ വർഷത്തേയും പോലെ കാലവർഷത്തിനു മുന്നോടിയായി പൊഴി മുറിച്ച് ജല നിർഗ്ഗമനത്തിനുള്ള സൗകര്യം ആവശ്യാനുസരണം ഒരുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) എന്ന സ്ഥാപനം ജലവിഭവ വകുപ്പിനു കീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും എക്കലിന്റെയും ആകെ അളവുകൾ ബാത്തിമെട്രിക് സർവ്വേ നടത്തി കണ്ടെത്തിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ നടന്നു വരുന്നു. ചുള്ളിയാർ, വാളയാർ, മീൻകര എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ യഥാക്രമം കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും (KIIDC), കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും (KEMDEL) ഏൽപ്പിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും തുടർനടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സ.ഉ(കൈ)നം.50/2019/ജവിവ തീയതി 08/11/2019 പ്രകാരം കേരളത്തിലെ ആറ് റെഗുലേറ്റർ/ചെക്ക് ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും വിശദമായ അവലോകനത്തിന് ശേഷം നീക്കം ചെയ്യാനുള്ള മണലിന്റെ അളവ് 210500.66 $m^3$എന്ന് തിട്ടപ്പെടുത്തുകയും ചെയ്തു. മഞ്ഞുമ്മൽ റെഗുലേറ്ററിലെ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പുറപ്പള്ളിക്കാവ് (24.04%), ചെങ്ങണാംകുന്ന് (60.17%), പൂക്കോട്ടുമന(19.18%), ചെറുതുരുത്തി (63.53%) തുടങ്ങിയവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. വെള്ളിയാങ്കൽ ആർ.സി.ബി യുടെ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞുവെച്ചിട്ടുള്ളതാണ് .

സംസ്ഥാനത്തെ നദികളിൽ ഒഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ എവിടെയെല്ലാം മണ്ണും ചെളിയും എക്കലും അടിഞ്ഞുകൂടിയിട്ടുണ്ട് എന്നുള്ളതിന്റെ വിവരശേഖരണത്തിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. നദികളിലെ ഒഴുക്ക് സുഗമമാക്കുന്ന വിധം എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ആവശ്യമായ പഠനം നടത്തി മറ്റ് വകുപ്പുകളുമായി സഹകരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.